LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2005-ലെ വിവരാവകാശനിയമം 7-ാം വകുപ്പ് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരം ഒരു വ്യക്തിയുടെ ജീവനേയോ അല്ലെങ്കിൽ സ്വാതന്ത്ര്യത്തേയോ സംബന്ധിച്ചുള്ളതാണെങ്കിൽ അപേക്ഷ ലഭിച്ച് 48 മണിക്കൂറിനകവും അല്ലാത്ത അപേക്ഷകളിൽ പരമാവധി 30 ദിവസത്തിനകവും വിവരം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ടി സമയപരിധിക്കുള്ളിൽ വിവരങ്ങൾ നൽകിയില്ലെങ്കിൽ മാത്രമേ നിയമപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി&സി) അപൂർണ്ണവും സത്യവിരുദ്ധവുമായ വിവരങ്ങൾ നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ 2005-ലെ വിവരാവകാശനിയമം 20-ാം വകുപ്പ് അനുസരിച്ചുള്ള ശിക്ഷണ നടപടികളാണ് സ്വീകരിക്കേണ്ടത്. കൂടാതെ വിവരാവകാശ നിയമത്തിലെ 20(2) വകുപ്പ് അനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ ബാധകമാകുന്ന സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് വകുപ്പുതല നടപടിയും അനുശാസിക്കുന്നുണ്ട്.

(ഡി) വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിയമം അനുശാസിക്കുന്ന പ്രകാരവും ഭരണപരവുമായ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

സ്റ്റേറ്റ് സിവിൽ സർവ്വീസ്

81 (1947) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച സാധ്യതാ പഠനത്തിനായി 24-9-2013-ലെ ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റി റിപ്പോർട്ടിന്റെ സാരാംശം വെളിപ്പെടുത്തുമോ ; കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഈ സർവ്വീസിലേക്ക് പ്രായപരിധിയില്ലാതെ യോഗ്യരായ എല്ലാ ജീവനക്കാർക്കും ടെസ്റ്റിന്റെയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിൽ നിയമനം ലഭിക്കാനുള്ള സാഹചര്യം ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിലെ തീരുമാനങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16-8-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 228/14/പൊ.ഭ) പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മീറ്റി ശിപാർശ ചെയ്തിരുന്നത്. മറ്റ് കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ച സർവ്വീസ് സംഘടനകളുമായി ചീഫ് സെക്രട്ടറി ചർച്ച നടത്തിയിരുന്നു. യോഗത്തിൽ പ്രത്യേകം തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

കോഴിക്കോട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

82 (1948) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 205/2009) റാങ്ക് ലിസ്റ്റിൽ എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട് ;

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം ഏതെല്ലാം വകുപ്പുകളിലാണ് ടൈപ്പിസ്റ്റ് തസ്തികകൾ വെട്ടിക്കുറച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(സി) നിലവിൽ ഓരോ വകുപ്പുകളിലും ഉള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) നിലവിൽ തടസ്സങ്ങൾ നീക്കി മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-10-2014 വരെ 171 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly